**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4090** **18-07-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നേരിടാൻ കൂടുതൽ വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാൻ വിവിധ ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ലോൺ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കോവിഡുമായി ബന്ധപ്പെട്ട് പ്രതിസന്ധിയിലായ വായ്പക്കാർക്കായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി മൊറട്ടോറിയം, പുതിയ വായ്പകൾ, പലിശയിളവോട്ട കൂടിയ വായ്പകൾ എന്നിവ ബാങ്കുകൾ കോവിഡിന്റെ പശ്ചാത്തലത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | സാമ്പത്തിക പ്രതിസന്ധിയിൽ അതിജീവനത്തിനായി പൊരുതുന്നവർക്ക് ആശ്വാസമേകുന്നതിന് നിലവിലെ ലോണുകൾ ക്രമപ്പെടുത്തി നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ? | (ബി) | കോവിഡ് ഒന്നാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അർഹരായ എല്ലാ വായ്പക്കാരുടേയും വായ്പ തിരിച്ചടവുകൾക്ക് റിസർവ് ബാങ്ക് 2020 മാർച്ച് മാസം 1 മുതൽ 2020 ആഗസ്റ്റ് മാസം 31 വരെ മോറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. കോവിഡ് രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME)നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0-Rsolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0-Resolution of Covid-19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിരുന്നു. കോവിഡ് പ്രതിസന്ധി മൂലം വായ്പാ |

| | | | |
|---|---|---|---|
| | | | തിരിച്ചടവിന് ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസമെന്ന നിലയിൽ വായ്പാ തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനും വായ്പകളെ തരംതാഴ്ത്തുന്നതിൽ നിന്നും വായ്പകൾ നിഷ്ക്രിയ ആസ്തികളാകുന്നതിൽ നിന്നും സംരക്ഷിക്കുന്നതിനുമായാണ് റിസർവ് ബാങ്ക് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. അതനുസരിച്ച് സാമ്പത്തിക പ്രതിസന്ധിയിലായ അർഹരായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കും റീട്ടെയിൽ വായ്പക്കാർക്കും മറ്റ് വ്യക്തിഗത വായ്പക്കാർക്കും അവരുടെ തിരിച്ചടവിനായി രണ്ടുവർഷം വരെ മോറട്ടോറിയത്തോടുകൂടി വായ്പാ പുന:ക്രമീകരണവും റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ബാങ്കുകൾ അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ